പതിന്നാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3119 07/02/2018 ൽ മറുപടിയ്ക്ക്

## റീസർവ്വേ നടപടികളുടെ നിലവിലെ അവസ്ഥ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികളുടെ നിലവിലെ അവസ്ഥ എന്താണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ; | (എ) (ബി) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 899 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 765 വില്ലേജുകളിലെ റീസർവ്വേ പൂർത്തിയായിട്ടില്ല. റീസർവ്വേ എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല. ജില്ലാടിസ്ഥാനത്തിലുള്ള റീസർവ്വേയുടെ പുരോഗതി വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സംസ്ഥാനത്ത് ആകെയുണ്ടായിരുന്ന 1664 സർവ്വെ വില്ലേജുകളിൽ നാളിതുവരെ എത്ര വില്ലേജുകളിലെ റീസർവ്വെ നടപടികൾ പൂർത്തിയാക്കി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്; ശേഷിക്കുന്നവ എത്ര; വിശദാംശം ലഭ്യമാക്കുമോ ; | | |
| (സി) വേണ്ടത്ര ജീവനക്കാരുടെ സേവനം ഉറപ്പുവരുത്താനും, കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കാനും, റീസർവ്വേ പൂർത്തീകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ? | (സി) | ജീവനക്കാരുടെ സേവനം ഉറപ്പുവരുത്താനും, കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കാനും, റീസർവ്വേ പൂർത്തീകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ജീവനക്കാർ ആർജ്ജിച്ച പുരോഗതി ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ യഥാസമയം അവലോകനം ചെയ്ത് അവരുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## റീസർവെ പുരോഗതി വിവരം

| ക്രമ നമ്പർ | ജില്ല | ആകെ വില്ലേജുകൾ | റവന്യൂ ഭരണത്തിന് കൈമാറിയത് | ശേഷിക്കുന്നത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 124 | 108 | 16 |
| 2 | കൊല്ലം | 105 | 88 | 17 |
| 3 | പത്തനംതിട്ട | 70 | 58 | 12 |
| 4 | ആലപ്പുഴ | 93 | 76 | 17 |
| 5 | കോട്ടയം | 100 | 85 | 15 |
| 6 | ഇടുക്കി | 68 | 36 | 32 |
| 7 | എറണാകുളം | 127 | 74 | 53 |
| 8 | തൃശ്ശൂർ | 255 | 71 | 184 |
| 9 | പാലക്കാട് | 157 | 115 | 42 |
| 10 | മലപ്പുറം | 138 | 56 | 82 |
| 11 | കോഴിക്കോട് | 118 | 16 | 102 |
| 12 | വയനാട് | 49 | 36 | 13 |
| 13 | കണ്ണൂർ (ദേശം ഉൾപ്പെടെ) | 132 | 58 | 74 |
| 14 | കാസർഗോഡ് | 128 | 22 | 106 |
| 15 | **ആകെ** | **1664** | **899** | **765** |

സെക്ഷൻ ഓഫീസർ